# ചരിത്രത്തിന്റെ താളുകളിലൂടെ...................

പടയാട്ടി മൂത്തേടൻ കുടുംബചരിത്രം അന്വേഷിച്ച് ചരിത്രത്തിന്റെ ഏടുകളിലേക്ക് ഇറങ്ങിചെന്നപ്പോൾ AD 1700 വരെ എത്തിച്ചേരാനെ ഇതുവരെ സാധിച്ചിട്ടുള്ളൂ. ലഭ്യമായ ചരിത്രമനുസരിച്ച് 1700 ന് മുമ്പ് തന്നെ മൂത്തേടൻ കുടുംബം മേലൂരിൽ ഉണ്ടായിരുന്നു. വോട്ടവകാശം നികുതിദായകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ നമ്പൂതിരി ഇല്ലത്തോടൊപ്പം വോട്ടവകാശം ഈ കുടുംബത്തിലെ പൂർവ്വികർക്കുമുണ്ടായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രഥമമായി മാതൃഭൂമിയുടെ സംരക്ഷണത്തിനായി 17-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട ഏക സന്നദ്ധസേനയ്ക്ക് നേതൃത്വം കൊടുത്തത് ഈ കുടുംബത്തിലെ പൂർവ്വികരായിരുന്നു.

17-ാം നൂറ്റാണ്ടിൽ ജന്മഭൂമിക്കുവേണ്ടി പോരാടിയ മൂത്തേടൻ പോരാടികളുടെ ഐതിഹാസികവും ആവേശകരവുമായ പോരാട്ടത്തിന്റെ ചരിത്രം ആരംഭിക്കുന്നു. 1780-ാം ആണ്ടിന്റെ ആദ്യനാളുകളിൽ ടിപ്പുസുൽത്താൻ തന്റെ മൈസൂർ പടയുമായി കൊച്ചിയേയും തിരുവിതാംകൂറിനെയും ആക്രമിക്കുവാൻ സന്നാഹങ്ങൾ തുടങ്ങിയതായി അറിവ് കിട്ടിയിരുന്നു. ഈ അവസരത്തിൽ കൊച്ചി രാജാവ് അക്കാലത്തെ പ്രതാപിയും കുലീനവും സർവ്വ ജനസമ്മതനും പോരാളിയുമായിരുന്ന മേലൂരിലെ മൂത്തേടൻ വർഗ്ഗീസ് മാപ്പിളയുടെ സഹായം ആവശ്യപ്പെട്ടു. ധനാഢ്യനായ അദ്ദേഹം മൂത്തേടൻ കുടുംബത്തിന്റെ നേതാവും ചാലക്കുടി പുഴയോരപ്രദേശത്തെ കരംപിരിവിന് അധികാരപ്പെട്ട വ്യക്തിയും ആയിരുന്നു.

ചാലക്കുടിക്കടുത്തുള്ള മേലൂർ ഗ്രാമമായിരുന്നു മൂത്തേടന്മാരുടെ നിവാസകേന്ദ്രം. അസാമാന്യ ധീരതയും, കഠിനപരിശ്രമവും മുഖമുദ്രയായിരുന്ന മൂത്തേടന്മാർ പുഴയുടെ തീരപ്രദേശങ്ങളായ പരിയാരം, ചാലക്കുടി ദേശങ്ങളിൽ താമസമുറപ്പിച്ച് സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരത്തിലൂടെ ഇംഗ്ലീഷുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ എന്നിവരുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു.

കൊച്ചി രാജാവ് വർഗ്ഗീസ് മാപ്പിളയെ ടിപ്പുസുൽത്താനെതിരായ പോരാട്ടത്തിന്റെ നായകനായി നിശ്ചയിച്ചു. കൊച്ചിരാജാവിന്റെ അഭ്യർത്ഥന പ്രകാരം തോക്ക് നന്നായി കൈകാര്യം ചെയ്യാൻ അറിയാവുന്ന 100 പോരാളികളെ വർഗ്ഗീസ് മാപ്പിള മൂത്തേടൻ കുടുംബത്തിൽനിന്നു തന്നെ തെരഞ്ഞെടുത്ത് ചാലക്കുടി പുഴയുടെ തീരത്തുള്ള കാഞ്ഞിരപ്പിള്ളിക്ക് അടുത്തുള്ള വനത്തിൽ പരിശീലനം ആരംഭിച്ചു. ഒരു യഥാർത്ഥ ദേശസ്നേഹിയായിരുന്ന വർഗ്ഗീസ് മാപ്പിള 1767 ൽ ഹൈദരാലിക്കെതിരെയുള്ള യുദ്ധത്തിൽ ധീരമായി പോരാടിയിട്ടുണ്ട്. ടിപ്പുസുൽത്താന്റെ സൈന്യനീക്കം പാലക്കാട് കോട്ടയിൽനിന്ന് ആരംഭിച്ച് ചുരം വഴി മുന്നേറുകയായിരുന്നു. വർഗ്ഗീസ് മാപ്പിള കുടുംബാംഗങ്ങളായ എല്ലാ സ്ത്രീകളേയും കുട്ടികളേയും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപമുള്ള വെറ്റിലപ്പാറ എന്ന സ്ഥലത്തെ

ഒളിത്താവളത്തിലേക്ക് മാറ്റി പാർപ്പിച്ചു.

അതിനുശേഷം വർഗ്ഗീസ് മാപ്പിളയും അശ്വരൂഢരായ തന്റെ 30 പോരാളികളും തൃശ്ശിവപേരൂരിന് വടക്ക് കുതിരാൻ ചുരത്തിലേക്ക് ടിപ്പുവിന്റെ സൈന്യത്തെ നേരിടുന്നതിനായി പുറപ്പെട്ടു. മലയുടെ ഉയർന്ന ഭാഗത്ത് യുദ്ധസന്നദ്ധരായി നിലയുറപ്പിച്ചിരുന്ന വർഗ്ഗീസ് മാപ്പിളയുടെ പോരാളികൾക്ക് നേരിടേണ്ടിവന്നത് താഴ്വാരത്തിൽനിന്ന് ചുരം കയറി മുന്നേറി വരുന്ന ടിപ്പുവിന്റെ പടയാളികളെയാണ്.

'കോഴിക്കഴുത്ത്' എന്നു വിളിക്കപ്പെടുന്ന ഇടുങ്ങിയ വനപ്രദേശത്ത് വളരെ തന്ത്രപ്രധാനമായ ഉയരത്തിലുള്ള മലയിടുക്കുകളിൽ വർഗ്ഗീസ് മാപ്പിളയുടെ പോരാളികൾ സ്ഥാനം പിടിച്ചിരുന്നു. ടിപ്പുവിന്റെ സൈന്യം ആ ഭാഗത്ത് എത്തിയപ്പോൾ 30 പോരാളികൾ ഒരുമിച്ച് നിറയൊഴിച്ച് ടിപ്പുവിന്റെ 30 ഭടന്മാരെ വകവരുത്തി. അപ്രതീക്ഷിതമായ ഈ ആക്രമണം മൈസൂർ സൈന്യത്തെ പരിഭ്രാന്തിയിൽ ആഴ്ത്തി. മുന്നേറാൻ കഴിയാതെ പ്രതിരോധത്തിലായി പേടിച്ചരണ്ട പടയാളികൾ സ്വരക്ഷക്കായി ഓളിത്താവളങ്ങൾ തിരയുമ്പോൾ വർഗ്ഗീസ് മാപ്പിളയുടെ പട കരുതിവെച്ചിരുന്ന രണ്ടാം നിര നിറത്തോക്കുകൾ പ്രയോഗിച്ചു. അവർ വീണ്ടും തോക്ക് നിറക്കുന്നതിനിടക്ക് സഹായികൾ വലിയ ഉരുളൻ കല്ലുകൾ താഴേക്ക് ഉരുട്ടിയിടാൻ തുടങ്ങി. ശക്തമായ വെടിവെയ്പ്പും പാറക്കല്ലുകൾ ഊക്കോടെ മലമുകളിൽനിന്നും ഉരുണ്ട് വന്നതുമൂലം ടിപ്പുവിന്റെ സൈന്യത്തിന് കാര്യമായ നാശവും ആശയകുഴപ്പവും ഉണ്ടായി.

തുടക്കത്തിലെ അനിശ്ചിതാവസ്ഥക്ക് ശേഷം ടിപ്പുവിന്റെ സൈന്യം തിരിച്ചടിക്കാൻ തുടങ്ങി. ടിപ്പു തന്റെ പടയാളികളിൽ ഒരു കൂട്ടത്തെ കുതിരാൻ മലമുകളിലേക്ക് ശത്രുക്കളെ നേരിടാൻ വേണ്ടി അയക്കുകയും, തന്റെ പീരങ്കിപടയെ സജ്ജമാക്കുകയും ചെയ്തു. ഈ ആക്രമണത്തെ നേരിടാനുള്ള കരുത്ത് ഇല്ലാതിരുന്ന മൂത്തേടൻ പട തന്ത്രപൂർവ്വമുള്ള ഒരു പിൻമാറ്റത്തിന് നിർബന്ധിതരായി. സുപരിചിതമായ ഇടവഴികളിലൂടെ ആക്രമണത്തിന് വിധേയരാകാതെ രക്ഷപ്പെട്ട് ചാലക്കുടിക്ക് സമീപത്തുള്ള മേലൂരിൽ എത്തിച്ചേർന്നു. മൂത്തേടൻ പോരാളികളുടെ ആക്രമണം ടിപ്പുവിന്റെ പടയ്ക്ക് കാര്യമായ നാശം വരുത്തുകയും, പ്രതിരോധിക്കാൻ തയ്യാറായി നിൽക്കുന്ന തിരുവിതാംകൂർ-കൊച്ചി സംയുക്തസേനയുടെ അടുത്തേക്കുള്ള അവരുടെ മുന്നേറ്റം മന്ദഗതിയിലാക്കുകയും ചെയ്തു.

ശക്തമായ പ്രത്യാക്രമണത്തിലൂടെ ടിപ്പുവിന്റെ സൈന്യം കൊച്ചിയെ കീഴടക്കി തിരുവിതാംകൂറിനെ ലക്ഷ്യമാക്കി നീങ്ങി. തിരു-കൊച്ചി രാജ്യങ്ങൾ അതിർത്തിയിൽ സംയുക്തമായി കെട്ടിയ നെടുംകോട്ട ലക്ഷ്യമാക്കി മുന്നേറിയ ടിപ്പുവിന്റെ സേനയെ നേരിടാനായി സുസജ്ജമായി നിലകൊണ്ട തിരു-കൊച്ചി സേനയെ സഹായിക്കാനായി വർഗ്ഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ തോക്കുധാ

രികളായ 100 പോരാളികൾ യുദ്ധമുഖത്ത് എത്തിച്ചേർന്നു. 1789 ഡിസംബർ മാസം 27-ാം തിയ്യതി ടിപ്പുവിന്റെ സേന മേലൂരിലെ കോട്ടമുറി എന്ന് ഇന്നറിയപ്പെടുന്ന നെടുംകോട്ട ആക്രമിച്ചു. ഈ കാലഘട്ടത്തിലാണ് മേലൂർ പള്ളിയും സമീപപ്രദേശങ്ങളും ടിപ്പുവിന്റെ ആക്രമണത്തിൽ ഭാഗികമായി നശിപ്പിക്കപ്പെട്ടതും ജനങ്ങൾ പ്രാണരക്ഷാർത്ഥം ഓടിരക്ഷപ്പെട്ടതും.

ഡിസംബർ 28-ാം തിയ്യതി നെടുംകോട്ടയുടെ പ്രധാന പ്രതിരോധം തകർന്നു. 16 അടി വീതിയും 20 അടി താഴ്ചയുമുള്ള ഒരു ഗർത്തമായിരുന്നു തിരുവിതാംകൂർ രാജ്യത്തേക്കുള്ള മൈസൂർ സൈന്യത്തിന്റെ മുന്നേറ്റത്തിനുള്ള പ്രധാന തടസ്സം. ഇതിനിടെ ടിപ്പുവിന്റെ പടയാളികൾ ഗർത്തം നികത്താനുള്ള ശ്രമത്തിലായിരുന്നു. നെടുംകോട്ടയെ പ്രതിരോധിക്കാനുള്ള പോരാട്ടത്തിൽ വർഗ്ഗീസ് മാപ്പിളക്ക് മുറിവേറ്റു.

എങ്കിലും സാഹസികനായ വർഗ്ഗീസ് മാപ്പിള തന്റെ പകുതിയോളം പോരാളികളെ സംഘടിപ്പിച്ച് ഗർത്തം നികത്താൻ ശ്രമിച്ച ടിപ്പുവിന്റെ അനേകം പടയാളികളെ വകവരുത്തി. കിടങ്ങ് നികത്താനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ മറ്റൊരു യുദ്ധമുഖം തുറന്ന് ടിപ്പുവിന്റെ പടയാളികൾ നെടുംകോട്ടയുടെ ഇടുങ്ങിയ ഒരു ഭാഗത്തുകൂടെ മുന്നേറാൻ ശ്രമിച്ചു. ഈ നീക്കം മൈസൂർ പടയ്ക്ക് വിനയായി. ഈ ഭാഗത്തുകൂടെ മുന്നേറാൻ ശ്രമിച്ചപ്പോൾ വർഗ്ഗീസ് മാപ്പിളയുടെ പോരാളികളും വൈക്കം പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ നന്ത്യാത്ത് കളരിയിലെ നായർ പടയാളികളും സംയുക്തമായി കനത്ത ആക്രമണം ആരംഭിച്ചു. മുൻനിരയിൽ നിന്നുള്ള മൂത്തേടൻ പോരാളികളുടെ ആക്രമണത്തിൽ മൈസൂർ സൈന്യത്തിന്റെ പടത്തലവൻ ഉൾപ്പെടെ അനേകം പടയാളികൾ തോക്കിനിരയായി.

മാപ്പിള പടയും നായർ പടയും ചേർന്നുള്ള സമയോചിതമായ ആക്രമണത്തിന്റെ ഫലമായി മൈസൂർ സൈന്യം പരാജയപ്പെട്ട് ചിതറിയോടി. ജനുവരി അവസാനത്തോടെ കൂടുതൽ സൈനികരേയും പീരങ്കിപടയേയും ഉൾപ്പെടുത്തി സർവ്വ സന്നാഹങ്ങളുമായി വന്ന് ടിപ്പു നെടുംകോട്ട പിടിച്ചടക്കി. എങ്കിലും മൂത്തേടൻ പോരാളികൾ അടങ്ങിയിരുന്നില്ല. കാലവർഷമായതിനാൽ ആലുവയിൽ പെരിയാറിന്റെ തീരത്ത് തമ്പടിച്ചിരുന്ന ടിപ്പുവിന്റെ സേനയെ നിരന്തരമായ ഒളിയാക്രമണത്തിലൂടെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനി മൈസൂരിനെ ആക്രമിച്ചു. ഇതോടെ യുദ്ധം അവസാനിപ്പിച്ച് ടിപ്പുവിന്റെ സേനയ്ക്ക് തിരികെ പോകേണ്ടി വന്നു.

100 പോരാളികളുമായി യുദ്ധത്തിന് പോയ മൂത്തേടൻ പടയ്ക്ക് 40 പേരെ യുദ്ധത്തിൽ നഷ്ടപ്പെട്ടു. 1790 ൽ അവസാനിച്ച യുദ്ധത്തിനിടെ വർഗ്ഗീസ് മാപ്പിളക്ക് തന്റെ മൂത്ത മകനായ ഔസേപ്പിനേയും മൂന്നാമത്തെ മകനായ അന്തോണിയെയും നഷ്ടപ്പെട്ടു. രണ്ടാമത്തെ മകനായ വറീതിന് യുദ്ധ

ത്തിൽ സാരമായി മുറിവേറ്റുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. തന്റെ ധീരതയ്ക്കും രാജ്യസ്നേഹത്തിനും അംഗീകാരമായി അന്നത്തെ കൊച്ചി മഹാരാജാവ് വർഗ്ഗീസ് മാപ്പിളയ്ക്ക് പടത്തലവൻ എന്നർത്ഥം വരുന്ന 'പടയാട്ടി' എന്ന പദവി നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ പിൻതലമുറക്കാർ പടയാട്ടി മൂത്തേടൻ എന്ന പേരിൽ അറിയപ്പെടുന്നു.